# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 13/ 361/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 13/ 361/23 തീയ്യതി: 30/03/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി പി ആർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിത എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്, ഓഡിറ്റർ
ശ്രീ. അഗസ്റ്റിൻ സി തേവർകുന്നേൽ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡാലി റോയ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ എൻ രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 01-04-2021 | 23-06-2021 |
| ശ്രീമതി ടി ആശാറാണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-06-2021 | 05-07-2021 |
| ശ്രീമതി സുജ മാത്യു | സെക്രട്ടറി | 06-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജിത്കുമാർ വി എസ് | വി ഇ ഒ | 01-04-2021 | 08-10-2021 |
| ശ്രീമതി ഓമന മാത്യു | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രവീൺ ജോൺ | കൃഷി ഓഫീസർ | 01-04-2021 | 20-10-2021 |
| ശ്രീമതി ദിവ്യാ ടി എൽ | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ശ്രീമതി മഞ്ജു പി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. രഞ്ജു | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി ആഷാരാജ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 01-04-2021 | 19-07-2021 |
| ശ്രീമതി അജിത കുമാരി | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 20-07-2021 | 31-03-2022 |
| ഡോ. നിഖില സജീവൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സൗദ ഇ എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ജിജേഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 25-05-2021 |

| | | | |
|---|---|---|---|
| ഡോ. കുക്കു അച്ചാമ്മ | വെറ്ററിനറി സർജൻ | 26-05-2021 | 31-03-2022 |
| ശ്രീമതി പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 30-08-2021 |
| ശ്രീ. റെയ്മോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-08-2021 | 31-03-2022 |
| ശ്രീ. അരുൺ പി സുരേന്ദ്രൻ | വി ഇ ഒ, സൗത്ത് | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ കെ എസ് | വി ഇ ഒ, പാമ്പാടി | 01-11-2021 | 31-03-2022 |
| ശ്രീമതി റ്റി ആശാറാണി | അസി.സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി സുജ മാത്യു | അസി.സെക്രട്ടറി ഇൻ ചാർജ് | 06-07-2021 | 11-07-2021 |
| ശ്രീമതി ഷീന ജെ | അസി.സെക്രട്ടറി | 12-07-2021 | 31-03-2022 |

09.10.2021 മുതൽ 31.10.2021 വരെ ശ്രീ.അരുൺ പി സുരേന്ദ്രൻ (വി ഇ ഒ, പാമ്പാടി ഇൻ ചാർജ്)

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വലിയ തുക നിലനിൽക്കുന്നു | 1-11 |
| 12 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-12 |
| 13 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-16 |
| 17 | ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിഗണിക്കപ്പെട്ടുന്നില്ല | 1-17 |
| 18 | പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | 1-18 |
| 19 | കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 20 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-20 |
| 21 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രെജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 22 | കാർഷിക വിപണന കേന്ദ്രം- മുറികൾ ഒഴിവായി കിടക്കുന്നു | 1-22 |
| 23 | 2,94,046/- രൂപ വാടക കുടിശിക കാലങ്ങളായി ഈടാക്കിയിട്ടില്ല | 1-23 |
| 24 | തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-24 |
| 25 | കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു | 1-25 |
| 26 | ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-26 |

| | | |
|---|---|---|
| 27 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-27 |
| 28 | മഴക്കാല പൂർവ്വശുചീകരണം ചെലവഴിക്കാത്ത തുക അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-28 |
| 29 | എക്സൈസ് ഓഫീസിന് വാടക നൽകൽ സംബന്ധിച്ച് | 1-29 |
| 30 | ഭവനവായ്പ പലിശ തിരിച്ചടവ്- പൂർണ്ണമായും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-30 |
| 31 | കുറിച്ചിമല പാണ്ടൂർ പായിപ്ര കുടിവെള്ള പദ്ധതി പൂർത്തീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തില്ല. | 1-31 |
| 32 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 33 | ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം - വിതരണ വിവരങ്ങൾ ലഭ്യമല്ല. | 1-33 |
| 34 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ അധികമായി ധനസഹായം അനുവദിച്ചു | 1-34 |
| 35 | പഠനമുറി നിർമ്മാണം സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു | 1-35 |
| 36 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -ഗ്രാമസഭയുടെ അംഗീകാരം നേടിയിട്ടില്ല | 1-36 |
| 37 | സുഭിക്ഷകേരളം കറവപശു വളർത്തൽ പ്രോജക്ട് സംബന്ധിച്ച് | 1-37 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-38 |
| 39 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 14.02.2022 ലെ 4-ാം നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 6064715 | 46594663 |
| വരവ് | 223313937 | 111518161 |
| ആകെ | 229378652 | 158112824 |
| ചെലവ് | 226730000 | 101094449 |
| നീക്കിയിരിപ്പ് | 2648652 | 57018375 |

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 190726709/- രൂപയും ചെലവ് 190049445/- രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പ്രകാരം മുന്നിരിപ്പ് 46594663/- രൂപയും വരവ് 111518161/- രൂപയും ചെലവ് 101094449/- രൂപയും നീക്കിയിരിപ്പ് 57018375/- രൂപയുമാണ്. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്) 152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ജീവനക്കാരുടെ തൊഴിൽനികുതി- വാർഷികധനകാര്യ പത്രികയും രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

5) ബസ് സ്റ്റാന്റ് ഗ്രൗണ്ട് ബുക്കിംഗിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുകൾ രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6) ബി 18 ഷെഡ്യൂളിലെ 460500501 (Advance To Implementing Officers) എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 172696 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

7) ബി 18 ഷെഡ്യൂളിലെ 460600101 (Electricity Deposits) എന്ന ശീർഷകത്തിൽ 20100 രൂപ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.

8) ബി 4 ഷെഡ്യൂളിലെ 320900399 (Other Awards And Honours) എന്ന ശീർഷകത്തിൽ 2018-19 ൽ ലഭിച്ച ജൈവമണ്ഡലം കൃഷി അവാർഡ് തുക 100000 രൂപ അവശേഷിക്കുന്നുണ്ട്. 2019-20 ൽ തുക ചെലവഴിച്ചെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

9) ബി 4 ഷെഡ്യൂളിലെ 320300199 (Grants, Funds And Contributions For Specific Purposes-Other Government Agencies), 320800101 (Beneficiary Contributions) എന്ന ശീർഷകങ്ങളിലെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10) ബി 7 ഷെഡ്യൂളിലെ 340200107 (Election Deposit (Candidate)), 340800101 (Deposit Received From Others) എന്ന ശീർഷകങ്ങളിലെ തുകകളുടെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11) ബി 11 ഷെഡ്യൂൾ Fixed Assets-ൽ പഞ്ചായത്തിന്റെ വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

12) ആർ പി 40(b) ൽ 450610103 – Kerala Gramin Bank CFC PFMS അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 5800478/- രൂപ ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള തുകയാണ്. ബാങ്ക് ബുക്ക് പ്രകാരം 5769607/- രൂപയാണ് നീക്കിയിരിപ്പ് തുക.

13) ആർ പി 31 - Grants, Funds And Contributions For Specific Purposes എന്ന ഷെഡ്യൂളിലെ 320700204 – Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayaths എന്ന ശീർഷകത്തിൽ ഉള്ള 553000/- രൂപയിൽ 30.11.2021ൽ ലഭ്യമായ 3000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

14) കെട്ടിടങ്ങളുടെ വാടക സംബന്ധമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

15) രജിസ്റ്റർ പ്രകാരമുള്ള വാടക കുടിശ്ശിക വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

16) എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ I 6, I 14(a) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

17) പഞ്ചായത്തിന്റെ ഹൗസിംഗ് ലോൺ 2021-22 ൽ അടച്ച് തീർത്തിട്ടുള്ളതാണ്. എന്നാൽ ആർ പി 40 (ബി) പ്രകാരം 450430101-DCB Housing Loan എന്ന ശീർഷകത്തിൽ ജില്ലാ സഹകരണ ബാങ്കിൽ 5000/- രൂ അവശേഷിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46594663 |
| ഓഡിറ്റ് വർഷത്തെ വരവ് | 111518161 |
| ആകെ | 158112824 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 101094449 |
| നീക്കിയിരിപ്പ് | 57018375 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3889865 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18588735 | 18588735 | 18321917 | 266818 | 98.56 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3933019 | 3933019 | 3880200 | 52819 | 98.65 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 214300 | 214300 | 93000 | 121300 | 43.39 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20231001 | 20231001 | 14364682 | 5866319 | 71 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7649115 | 7649115 | 3451292 | 4197823 | 45.2 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 11516809 | 11516809 | 1420527 | 10096282 | 12.33 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 3733915 | 3733915 | 2031898 | 1702017 | 54.41 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 12696 | 21366230 | 21378926 | 21372543 | 6383 | 99.97 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 672113 | 763277 | 1435390 | 1339641 | 95749 | 93.32 |
| ശുചിത്വമിഷൻ ഗ്രാന്റ് | 3532156 | 200000 | 3732156 | 200000 | 3532156 | 5.35 |

വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും 1664400/-രൂപ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുക ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുക പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുക ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 275/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 554800 | വികസനഫണ്ട് പൊതുവിഭാഗം |
| 277/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 554800 | വികസനഫണ്ട് പൊതുവിഭാഗം |
| 286/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 554800 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1664400 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 55537 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 20.01.2021 ലെ 2(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 30.01.2021 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട്

തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 27.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 05.02.2021 മുതൽ 12.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 18.2.2021ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 16.07.2021ലെ 1(3) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 17.09.2022മുതൽ 25.09.2022 തീയതി വരെയുള്ള ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 02.02.2021 ലും ഊരുകൂട്ടം 28.01.2021 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 20.02.2021ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.03.202 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 245 | 230906820 | 160 | 69384350 | 85 | 65.30 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1079500 | 7 | 933941 |
| വെറ്റിനറി സർജൻ | 10 | 5051256 | 9 | 4070618 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 7 | 2535000 | 7 | 2167767 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 960000 | 4 | 915253 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 107000 | 2 | 106813 |
| വി.ഇ.ഒ I | 11 | 7688115 | 9 | 5961921 |
| വി.ഇ.ഒ II | 14 | 139711678 | 8 | 17997299 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 7762600 | 6 | 6585698 |
| സെക്രട്ടറി | 40 | 23371869 | 23 | 11189199 |
| അസിസ്റ്റന്റ് എൻജിനീയർ | 133 | 39861802 | 78 | 17691255 |
| ഹെഡ് മാസ്റ്റർ | 5 | 440000 | 2 | 215797 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 828000 | 1 | 94531 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1200000 | 1 | 1200000 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 310000 | 3 | 254258 |
| ആകെ | 245 | 230906820 | 160 | 69384350 |

10505079 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 10505079/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 18588735 | 18321917 | 266818 |
| വികസന ഫണ്ട് (എസ്.സി.പി) | 3933019 | 3880200 | 52819 |
| വികസന ഫണ്ട് (ടി.എസ്.പി) | 214300 | 93000 | 121300 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 20231001 | 14364682 | 5866319 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 7649115 | 3451292 | 4197823 |
| ആകെ | | | 10505079 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 105 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി. എന്നീ വിഭാഗങ്ങളിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 16146768 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 16146768/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 6514968/- രൂപയുടെ വിനിയോഗ വിവരവും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3500000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 3424300/- രൂപയുടെ വിനിയോഗ വിവരവും, ജില്ലാ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിൽ (ആരോഗ്യകേരളം) നിക്ഷേപിച്ച 2707500/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം

ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 237 പ്രോജക്ടുകളിൽ 218 എണ്ണവും തൻവർഷം നടപ്പിലാക്കി. 55528 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 836 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ.MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 12696.50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 20379682 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 986547 |
| ആകെ | | 21378925.50 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 16188230 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 707224 |
| | സാധന വില | 3484228 |
| | ഭരണ ചെലവുകൾ | 992861 |
| ആകെ ചെലവ് | | 21372543 |
| | നീക്കിയിരിപ്പ് | 6382.50 |

### 1-7 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 19320 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 4394400 | 248 |
| വിധവാ പെൻഷൻ | 16615000 | 1032 |
| വാർദ്ധക്യകാല പെൻഷൻ | 50346900 | 3297 |
| വികലാംഗ പെൻഷൻ | 4778900 | 291 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ | 699300 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2023 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49,537/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.03.2022 വരെ സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.04.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2017 – 14.07.2017 | 2012-13മുതൽ 2016-17വരെ | LBA(HQ)II/8A-2650/17-18/151, തീയതി: 21.08.17 |
| പെർഫോർമൻസ് ഓഡിറ്റ് | 27.07.2022 | 7/2021 മുതൽ 3/2021വരെ | 25.10.2022 |

## 1-11 വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വലിയ തുക നിലനിൽക്കുന്നു

2021-22 ലെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഗ്രാമപഞ്ചായത്തിന് താഴെപ്പറയും പ്രകാരം തുക ലഭ്യമാകാനുണ്ട്.

| ക്രമ നം. | കണക്ക് ശീർഷകം | വസ്തു നികുതി ഇനം | ലഭ്യമാകാനുള്ള തുക |
|---|---|---|---|
| 1 | 431100101 | റസിഡൻഷ്യൽ ബിൽഡിംഗ് (തന്നാണ്ട്) | 661942.00 |
| 2 | 431100103 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ് (തന്നാണ്ട്) | 576472.00 |
| 3 | 431100102 | റസിഡൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക) | 644517.00 |
| 4 | 431100104 | നോൺ റസിഡൻഷ്യ ൽ ബിൽഡിംഗ് (കുടിശ്ശിക) | 568000.00 |
| | | ആകെ | 2450931.00 |

വസ്തുനികുതി കുടിശ്ശികയിനത്തിൽ വൻതുക പിരിഞ്ഞു കിട്ടാനുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു. കുടിശ്ശിക ഈടാക്കാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/01.03.2023) 2023 മാർച്ച് 31 നകം വസ്തുനികുതി കുടിശ്ശിക മുഴവനായും പിരിച്ചെടുക്കുന്നതിന് അരിയർ ഡിമാന്റ് നോട്ടീസ്, ക്യാമ്പ് കളക്ഷൻ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാകയാൽ കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്.

### 1-12 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|
| ജോസഫ് ആന്റണി | X/282 A | വാണിജ്യാവശ്യം | പ്രഥമം |
| | X/282 B | പാർപ്പിടാവശ്യം | ദ്വിതീയം |
| മറിയാമ്മ ആന്ത്രയോസ് | XI/358 A | പാർപ്പിടാവശ്യം | ദ്വിതീയം |
| | XI/358 B | വാണിജ്യാവശ്യം | പ്രഥമം |
| നവീൻ ജോസഫ് | XIV/168 B | വാണിജ്യാവശ്യം | പ്രഥമം |
| | XIV/168 A | പാർപ്പിടാവശ്യം | ദ്വിതീയം |
| ബൈജു ജോസഫ് | XVI/988 | വാണിജ്യാവശ്യം | ദ്വിതീയം |
| | XVI/988 A | പാർപ്പിടാവശ്യം | പ്രഥമം |

ഇത്തരത്തിലുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/01.03.2023) അപാകതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ മറ്റ് കെട്ടിടങ്ങളുടേയും പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/102 | ഗിരിജമ്മ | അണ്ണാടിവയൽ | 5 മീറ്ററോ അതിൽ |

| | | | | |
|---|---|---|---|---|
| | A | സുരേഷ് കുമാർ | – ഗ്രാമറ്റം റോഡ് | കൂടുതലോ വീതിയുള്ള റോഡ് |
| 2 | I/102 B | സച്ചിൻ സക്കാ രാജ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | II/12 B | ശാന്തി ആർ | പാണ്ഡവർ കളരി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 4 | II/12 D | നവീൻ മാണി | | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 5 | II/ 95 A | അജീഷ് റ്റി ആർ | അണ്ണാടി വയൽ – മാലം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 6 | II/ 98 A | ജേക്കബ് പി പി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | III/ 21 B | അനൂപ് | മൈലാടി – പുറകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | III/ 23 A | സുബാഷ് സി ആർ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/01.03.2023) ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വിശദമായ പരിശോധന നടത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒരേ റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് ഒരേ തരത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതാണ്. പ്രധാന റോഡിൽ നിന്നും മറ്റ് ചെറിയ റോഡുകളിലാണ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതെങ്കിൽ അത്തരം റോഡുകൾക്ക് പ്രത്യേക പേരുകൾ നൽകേണ്ടതും ആയതനുസരിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | XVI/ 754 A | റിലയൻസ് ഇൻഫോ കമ്പനി ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 8971/- |
| 2 | XIX/ 561 A | റിലയൻസ് ടവർ | 2019-20 രണ്ടാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 28179/- |
| | | ആകെ | | 37150/- |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/01.03.2023) കുടിശ്ശിക നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വെള്ളൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1, 2 |
| 2 | കൊശമറ്റം ഫിനാൻസ്, വെള്ളൂർ | 1 |
| 3 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് ലിമിറ്റഡ് | 1 |
| 4 | എച്ച് ഡി എഫ് സി ബാങ്ക്, പാമ്പാടി | 1, 2 |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/01.03.2023) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. ഫീസ് നിശ്ചയിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് .

ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികാരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ആയിരം രൂപയും ഒരു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയുമാണ് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ആയി 21-22 വർഷം കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം / ഉപയോഗത്തിന്റെ തരം | ഉടമ | കെട്ടിട നം. | മൂലധന നിക്ഷേപം | മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് |
|---|---|---|---|---|---|---|---|

| | | | | | | | ഫീസ് |
|---|---|---|---|---|---|---|---|
| 1 | അമൃതം ടൈൽസ് ബസാർ ടൈൽ വിൽപ്പന | രതീഷ്കുമാർ ജി നെടിയമറ്റത്തിൽ | VI/787,788, 789,790 | 1 കോടി | സേവന മേഖല | 500 | 5000 |

അപാകത സംബന്ധിച്ച് 01.03.2023 ൽ നൽകിയ എൻക്വയറി നം. 1 ന് മറുപടിയായി ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവായ തുക അടവാക്കുന്നതിന് സ്ഥാപനത്തിന്റെ ഉടമസ്ഥന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിഗണിക്കപ്പെടുന്നില്ല

പാമ്പാടി ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ ലഭ്യമായ FACTEOS ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. ലൈസൻസ് അപേക്ഷയിന്മേലുള്ള സെക്ഷൻ ക്ലാർക്കിന്റെ റിപ്പോർട്ടിൽ മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക മൂലധന നിക്ഷേപമായി പരിഗണിച്ച് ലൈസൻസ് ഫീ നിശ്ചയിക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമായുള്ള സംരംഭങ്ങളുടെ ലൈസൻസ് അപേക്ഷകളിലും മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപ്പെടുത്തിയ തുകയേക്കാൾ കുറഞ്ഞ തുക മൂലധന നിക്ഷേപമായി സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തി ലൈസൻസ് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വലിയ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപം ആധാരമാക്കി ലൈസൻസ് ഫീസ് കണക്കാക്കുന്നത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകും. ലൈസൻസിനായുള്ള അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ വ്യാപാര വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ തരം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1893 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 442 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 5 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ | 18 |

| | |
|---|---|
| വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | |
| അസംബ്ലി കെട്ടിടം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 97 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 22 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 58 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 51 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 30 |
| ആകെ | 2616 |

സഞ്ചയയിലെ വിശദാംശം പ്രകാരം പഞ്ചായത്ത് പരിധിയിൽ 2616 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണയിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ 2021-22 വർഷം 581 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ വാർഡ് അടിസ്ഥാനത്തിലല്ല ലൈസൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-19 കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ സി.എസ്(എ) 9/764/2019 നമ്പർ കത്ത് പ്രകാരവും റീട്ടെയിൽ റേഷൻ ഡിപ്പോകൾ ലൈസൻസ് ഫീസ് ഒടുക്കുവാൻ ബാധ്യസ്ഥരാണ് .

ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-20 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | വിശ്വഭാരതി കോളേജ് |
| 2 | ടീച്ചേർസ് അക്കാദമി |
| 3 | എക്സൽ അക്കാദമി |
| 4 | വിദ്യാലയം എഡ്യൂക്കേഷൻ സെന്റർ |
| 5 | വാസുദേവ് സ്റ്റഡി സെന്റർ |
| 6 | ന്യൂ ഹൊറൈസൺസ് അക്കാദമി |
| 7 | അവെയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ട്രെയിനിങ് |

ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്. മേൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 12/03.03.2023) മറുപടിയായി എല്ലാ ട്യൂട്ടോറിയൽ കോളേജുകൾക്കും വാർഡ് ക്ലർക്കിന്റെ അന്വേഷണത്തിന് വിധേയമായി രജിസ്ട്രേഷൻ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രെജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | വാക് എഗൈൻ ഹോം ഹെൽത്ത് കെയർ |
| 2 | ഡോക്ടർ രവീന്ദ്രൻ ക്ലിനിക്ക് |
| 3 | സ്മൈൽ ലൈഫ് ഡെന്റൽ ക്ലിനിക്ക് |
| 4 | ശ്രീ പരമേശ്വര കളരി<br>ആയുർവേദ തിരുമ്മുകേന്ദ്രം |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ

ഈടാക്കാവുന്നതുമാണ്.

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ2021-22വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം. 14/03.03.2023) മറുപടിയായി മേൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 കാർഷിക വിപണന കേന്ദ്രം- മുറികൾ ഒഴിവായി കിടക്കുന്നു

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷം കെട്ടിട നിർമാണം പൂർത്തീകരിച്ച കാർഷിക വിപണന കേന്ദ്രം 23.01.19 ൽ പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ളതാണ്. ജില്ലാ പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി 1,00,78,702 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൊല്ലം-തേനി ദേശീയ പാതയ്ക്ക് അഭിമുഖമായി രണ്ട് നിലകളിലായി സ്ഥിതി ചെയ്യുന്ന കാർഷിക വിപണന കേന്ദ്രത്തിൽ ആകെ 33 കടമുറികളാണുള്ളത്. ടി മുറികളുടെ വാടക ഗ്രാമപഞ്ചായത്ത് എൻജിനീയറിങ് വിഭാഗം അസിസ്റ്റൻറ് എൻജിനീയർ 2020-21 സാമ്പത്തിക വർഷത്തേക്ക് 13,601 രൂപയായി നിശ്ചയിച്ച് നൽകിയിരുന്നു. തുടർന്ന് 14.7.2020 ലെ 1/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടി മുറികൾ ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന് ഡെപ്പോസിറ്റായി താഴത്തെ നിലയിലെ മുറികൾക്ക് ഏഴ് ലക്ഷം രൂപയും ഒന്നാം നിലയിലെ മുറികൾക്ക് 5 ലക്ഷം രൂപയും നിശ്ചയിച്ച് ലേലം നടത്തിയിരുന്നെങ്കിലും ആവശ്യക്കാർ ഇല്ലാത്തതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് യഥാക്രമം 2.5 ലക്ഷം, രണ്ട് ലക്ഷം എന്ന നിരക്കിൽ കുറയ്ക്കുകയും ആയത് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. മാർക്കറ്റ് റേറ്റിലും അധികരിച്ച് വാടക നിശ്ചയിച്ചതിനാൽ ആറു മുറികൾക്ക് മാത്രമാണ് ആവശ്യക്കാർ ഉണ്ടായിരുന്നത്. അതിൽ മൂന്നു പേർ പിന്നീട് ഒഴിവായി പോവുകയും ചെയ്തു. നിലവിൽ കാർഷിക വിപണന കേന്ദ്രത്തിൽ 33 മുറികളുള്ളതിൽ 3 മുറികളിൽ നിന്നും മാത്രമാണ് പഞ്ചായത്തിന് വാടക ലഭിക്കുന്നത്. കെട്ടിടത്തിന് താഴത്തെ നിലയിലെ ഒരു മുറി കുടുംബശ്രീക്ക് മൂന്നിലൊന്ന് വാടകയ്ക്കും അനുവദിച്ചിട്ടുണ്ട്. മൂന്ന് മുറികൾ കുടുംബശ്രീയ്ക്ക് ജനകീയ ഹോട്ടൽ നടത്തുന്നതിന് സൗജന്യമായി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിൽ കൃഷിഭവൻ, അഗ്രി ക്ലിനിക് എന്നിവ പ്രവർത്തിക്കുന്നതിനായി നാല് കടമുറികളും ആസൂത്രണ സമിതി ഓഫീസിന് ഒരു കട മുറിയും വിട്ടുനൽകി.

ഒഴിവായി കിടക്കുന്ന മുറികൾക്ക് മുൻവർഷം നിശ്ചയിച്ച വാടകയിൽ നിന്നും അഞ്ച് ശതമാനം വർധന വരുത്തിയ 14,281 രൂപയായി വാടക നിശ്ചയിച്ച് 29.7.2021 ൽ റീടെൻഡർ നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കുകയുണ്ടായില്ല. 2021-22 വർഷം വീണ്ടും ലേലം നടത്തിയെങ്കിലും അതിലും ആരും പങ്കെടുത്തില്ല. 2019 ൽ നിർമാണം പൂർത്തിയാക്കിയ കെട്ടിടത്തിലെ ഭൂരിഭാഗം കടമുറികളും ഉപയോഗശൂന്യമായി കിടക്കുന്നത് പൊതുജനങ്ങളുടെ പണം പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കാതെ പാഴായിപ്പോകുന്നതിന് തുല്യമാണ്. കെട്ടിടത്തിന്റെ മെയിൻറനൻസും അനുബന്ധ ചെലവുകളും പഞ്ചായത്ത് ഫണ്ടിൽനിന്ന് നടത്തേണ്ടി വരുന്നു. എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു വിഭാഗം അസിസ്റ്റൻറ് എൻജിനീയർ നിശ്ചയിച്ച നൽകിയ വാടക നിരക്കും പഞ്ചായത്ത് ആദ്യ ലേലത്തിനായി നിശ്ചയിച്ച ഡെപ്പോസിറ്റ് നിരക്കും പാമ്പാടി പോലുള്ള ഗ്രാമ പ്രദേശത്തിന് അനുയോജ്യമല്ലാത്ത വിധം ഉയർന്നതാണ്. മാത്രമല്ല ദേശീയപാതയ്ക്ക് അഭിമുഖമായുള്ള മുറികൾക്കും പിൻവശത്തുള്ള മുറികൾക്കും ഒന്നാം നിലയിലെ മുറികൾക്കും ഒരേ നിരക്കിലാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം പ്രായോഗികമല്ലാത്ത വാടക, ഡെപ്പോസിറ്റ് നിരക്കുകൾ നിശ്ചയിച്ചതുമൂലവും കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി നിലവിലും നിലനിൽക്കുന്ന സാഹചര്യമായതിനാലും ഉയർന്ന നിരക്കിൽ മുറികൾ വാടകയ്ക്ക് എടുക്കുവാൻ ആളുകൾ

തയ്യാറാവാത്ത അവസ്ഥയാണ് നിലവിലുള്ളത് .

കാർഷിക വിപണന കേന്ദ്രത്തിലെ മുറികൾക്ക് എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു വിഭാഗം അസിസ്റ്റൻറ് എൻജിനീയർ നിശ്ചയിച്ച് നൽകിയ വാടകയിൽ നിന്നും ഇളവ് അനുവദിച്ച് ടെൻഡർ നടത്തുന്നതിന് അനുവാദം ലഭ്യമാക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 22.1.2022 ലെ 3/1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ടി കെട്ടിടത്തിലെ കടമുറികൾ വാടകയ്ക്ക് നൽകിയാൽ പഞ്ചായത്തിന്റെ തനത് വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്. സർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭ്യമാക്കി തുടർ വർഷങ്ങളിൽ കടമുറികൾ ലേലംചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്നും യുക്തമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

### 1-23 2,94,046/- രൂപ വാടക കുടിശിക കാലങ്ങളായി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാനുണ്ട്. 2021-22 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടക കുടിശിക ഇനത്തിൽ 2,94,046/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുവാൻ അവശേഷിക്കുന്നു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവിടങ്ങളിൽ നിന്നുമാണ് ഇത്രയും തുക വാടകയിനത്തിൽ ലഭിക്കാനുള്ളത്. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കുത്തകക്കാരന്റെ പേര് | കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് -1 | അമ്പിളി കെ ടി കരിയത്രികാവിൽ | 08/2019 മുതൽ 03/2021 വരെ | 61800 |
| 2 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്- 27,28,29,30 | സെക്രട്ടറി, ഹൗസിങ് കോപ്പറേറ്റീവ് സൊസൈറ്റി | 04/2019 മുതൽ 03/2021 വരെ | 90276 |
| 3 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - 13,14 | കുരുവിള വർഗീസ് ചുഴുക്കുന്നേൽ | 12/2019 മുതൽ 03/2021 വരെ | 18,292 |
| 4 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -7 | തങ്കച്ചൻ വരിക്കപ്ലാക്കൽ | 04/2018 മുതൽ 03/2021 വരെ | 19,860 |
| 5 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -15,16 | കുരുവിള മാണി മല്ലക്കാട്ട് | 07/2018 മുതൽ 03/2021 വരെ | 37095 |
| 6 | മാർക്കറ്റ് ഷോപ്പിംഗ് | ശേഖരൻ ചുക്കുപറമ്പിൽ | 04/2018 മുതൽ | 19860 |

| | | | | |
|---|---|---|---|---|
| | കോംപ്ലക്സ് -18 | | 03/2021 വരെ | |
| 7 | മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ -8 | പി വി തമ്പി പ്രഭശേരിൽ | 02/2021 മുതൽ 03/2021 വരെ | 2676 |
| 8 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -3 | സുജാത കെ കെ | 12/2020 മുതൽ 03/2021 വരെ | 2316 |
| 9 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -5 | ശാരിക ശശികുമാർ | 6/2020 മുതൽ 03/2021 വരെ | 9450 |
| 10 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -6 | പെണ്ണമ്മ രാഘവൻ പാതെപ്പറമ്പിൽ | 4/2020 മുതൽ 03/2021 വരെ | 6948 |
| 11 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -6 | ജെയ്മോൻ പി ആർ പാതെപ്പറമ്പിൽ | 6/2020 മുതൽ 03/2021 വരെ | 5790 |
| 12 | - | എൻ ജെ പ്രസാദ് | 2016-17, 2017-18 | 19683 |

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/01.03.2023) മറുപടിയായി കുടിശിക ഈടാക്കുന്നതിനായി വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും പഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള കടമുറികളിലെ കൈവശക്കാർക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ് എന്നറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തിയവർ പലരും ഇപ്പോഴും കടമുറികൾ കൈവശം വച്ച് ഉപയോഗിച്ച് വരികയാണ്. കുടിശ്ശിക ഈടാക്കാതെ വീണ്ടും അതേ കൈവശക്കാർക്ക് ഭരണസമിതി അംഗീകാരത്തോടെ കടമുറികൾ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ വാടകയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥകൾ പ്രകാരം കക്ഷികളുടെ പക്കൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ | വാടകക്കാരന്റെ / | ഷോപ്പിംഗ് | പ്രതിമാസ വാടക | കുടിശ്ശിക | കുടിശ്ശിക തുക |
|---|---|---|---|---|---|

| നം. | സ്ഥാപനത്തിന്റെ പേര് | കോംപ്ലക്സ് /റൂം നം. | നിരക്ക് | SGST + CGST | ഫ്ലഡ് സെസ് (2021 ജൂലൈ 31വരെ) | ആകെ | മാസം | |
|---|---|---|---|---|---|---|---|---|
| 1 | പി വി തമ്പി | മാർക്കറ്റ് കോംപ്ലെക്സ് സ്റ്റാൾ , റൂം നം.7 | 1405 | 252 | 14 | 1671 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 1671x3+1657x3= 9984/- |
| 2 | അമ്പിളി കെ ടി | ന്യൂ ഷോപ്പിംഗ് കോംപ്ലെക്സ് ,റൂം നം.1 | 3308 | 596 | 33 | 3937 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 3937x3+3904x3= 23,523/- |
| 3 | സെക്രട്ടറി,ഹൗസിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ന്യൂ ഷോപ്പിംഗ് കോംപ്ലെക്സ് , റൂം നം. 27-30 | 4047 | 728 | 40 | 4815 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 4815x3 + 4775x3= 28,770/- |
| 4 | സാബു പീറ്റർ | ന്യൂ ഷോപ്പിംഗ് കോംപ്ലെക്സ് , റൂം നം.39 | 599 | 108 | 6 | 713 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 713x3+707x3=4260/- |
| 5 | പ്രമോദ് കുമാർ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.2 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 724x3+ 718x3= 4326/- |
| 6 | സുജാത കെ കെ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.3 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 724x3+ 718x3= 4326/- |
| 7 | തങ്കച്ചൻ, വരിക്കമാക്കൽ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.7 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി– മാർച്ച് | 724x3+ 718x3= 4326/- |
| 8 | ഷാജി, ചേകോണിൽ | മാർക്കറ്റ് ഷോപ്പിംഗ് | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, | 724x3+ 718x3= 4326/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കോംപ്ലക്സ്, റൂം നം.8 | | | | 2022 ജനുവരി- മാർച്ച് | |
| 9 | ജയ്മോൻ പി ആർ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.8 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി- മാർച്ച് | 724x3+ 718x3= 4326/- |
| 10 | കുരുവിള വർഗീസ് | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 13,14 | 1215 | 218 | 12 | 1445 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി- മാർച്ച് | 1445x3+1433x3= 8634/- |
| 11 | കുരുവിള മാണി | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 15,16 | 1215 | 218 | 12 | 1445 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി- മാർച്ച് | 1445x3+1443x3= 8634/- |
| 12 | ശേഖരൻ ചുക്കപറമ്പിൽ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 18 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി- മാർച്ച് | 724x3+ 718x3= 4326/- |
| 13 | ശിവദാസൻ മുക്കാട്ട് | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 18 | 608 | 110 | 6 | 724 | 2021ഏപ്രിൽ – ജൂൺ, 2022 ജനുവരി- മാർച്ച് | 724x3+ 718x3= 4326/- |
| ആകെ | | | | | | | | 1,14,087/- |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ നൽകിയ എൻക്വയറിക്ക് (നം.13/03.03.2023) മറുപടിയായി കുടിശ്ശികക്കാർക്ക് നോട്ടീസ് നൽകി കുടിശിക തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത നടപടികളിലൂടെ കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി വ്യക്തമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ലെന്ന് കാണുന്നു. താഴെ കൊടുത്തിട്ടുള്ള വാടകക്കാർക്ക് കരാർ ചമയ്ക്കാതെയാണ് മുറികൾ നൽകിയിട്ടുള്ളത്.

| ക്രമ നം. | മുറി നം. | വാടകക്കാരന്റെ പേര്, വിലാസം | പ്രതിമാസ വാടക (രൂപ) |
|---|---|---|---|
| 1 | ന്യൂ ഷോപ്പിംഗ് | ടി കെ സാബു | 2468 |

| | | | |
|---|---|---|---|
| | കോംപ്ലക്സ് , റൂം നം. 3 | തെക്കേൽ | |
| 2 | ന്യൂ ഷോപ്പിംഗ് കോംപ്ലെക്സ് , റൂം നം. 3 | ജീന സാബു തെക്കേൽ | 2535 |
| 3 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം. 4 | അബ്ദുൽ ഖാദർ ഫാത്തിമത്ത് മൻസിൽ | 1760 |
| 4 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം. 12 | പി സി രാജപ്പൻ പേഴമറ്റം | 608 |
| 5 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം. 17 | കെ സി വർഗീസ് കന്നകുഴിയിൽ | 608 |
| 6 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം. 19 | ശിവദാസൻ മുക്കാട്ട് | 608 |

കുറഞ്ഞത് 200 രൂപയുടെയെങ്കിലും മുദ്രപ്പത്രത്തിലാണ് വാടക കരാർ ചമയ്ക്കേണ്ടിയിരുന്നത്. കുത്തകക്കാരുമായി കരാർ ചമയ്ക്കാതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് 1200/- രൂപ (200x6) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെ വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ വാടകക്കാർക്കെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്.

കുത്തകക്കാരുമായി യഥാസമയം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറിക്ക് (11/03.03.2023) മറുപടിയായി എല്ലാ കൈവശക്കാരുമായും വാടക കരാർ ചമയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുത്തകക്കാരിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഈടാക്കാനുള്ള തുക 350200127 - Stamp Recovery ശീർഷകത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ ശേഷം നിശ്ചിത ശീർഷകത്തിൽ ട്രഷറിയിലേക്ക് ഒടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തര ഇടപെടൽ നടത്തി എല്ലാ കെട്ടിടങ്ങളെയും കരാറിന്റെ പരിധിയിൽ കൊണ്ടുവരുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-26 ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 15-16 മുതൽ നാളിതുവരെ 4,19,109 രൂപ ടെണ്ടർ ഫീയിനത്തിൽ വരവ് വന്നിട്ടുണ്ട്. ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് പാമ്പാടി

എസ്.ബി.ഐ യിൽ (അക്കൗണ്ട് നം.415505948219) ആരംഭിക്കുകയും ലഭിക്കാനുള്ള തുകയുടെ കണക്ക് നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിന് തുക ലഭിച്ചിട്ടില്ല. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ നാളിതുവരെയുള്ള ഇ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള പാമ്പാടി എസ് ബി ഐ 67053193491 നമ്പർ അക്കൗണ്ടിൽ 31.3.22 ൽ 180351 രൂപയും 14.2.23 ൽ 89892.5 രൂപയും നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തനത് ഫണ്ട് വിഹിതം സെക്രട്ടറിയിൽ നിന്നും റിക്വിസിഷൻ നൽകി വാങ്ങി ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും കരാറുകാരുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ചെക്ക് വഴി നല്കുകയുമാണ് ചെയ്തു വന്നിരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന തുകയുടെ വരവ് ചെലവ് വിവരം കാഷ്ബുക്ക് തയ്യാറാക്കി രേഖപ്പെടുത്തിയിരുന്നില്ല. ലഭിച്ച തുകയിൽ നിന്നുള്ള നികുതി വിഹിതങ്ങളുടെ അടവ് വിവരം പരിശോധിക്കുന്നതിന് കഴിയുന്നില്ല. ലഭിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന സാഹചര്യവും നിലനില്ക്കുന്നു.ആയതിനാൽ ബാങ്ക് നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. ആയത് നികുതി വിഹിതം സർക്കാരിലേക്ക് അടക്കാനുള്ളതോ കരാറുകാരുടെ വിഹിതം നല്കാനുള്ളതോ ആണ്. നേരിട്ട് ഗുണഭോക്താവിന് തുക നല്കുന്ന സംവിധാനം നിലവിൽ വന്നശേഷവും (DBT) ഇത്തരത്തിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ട് വിഹിതം കരാറുകാരന് നേരിട്ട് നല്കുന്ന രീതി അവലംബിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/3.3.22) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിലെ നീക്കിയിരിപ്പ് ഇനംതിരിച്ച് കണക്കാൻ കഴിയുന്നവ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കിയതിനു ശേഷം ബാക്കി തുക പിൻവലിച്ച് പഞ്ചായത്ത് തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ബി 4 ഷെഡ്യൂളിൽ ബാധ്യത കണക്കിൽ അക്കൗണ്ട് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-28 മഴക്കാല പൂർവ്വശുചീകരണം ചെലവഴിക്കാത്ത തുക അക്കൗണ്ടിൽ അവശേഷിക്കുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി പഞ്ചായത്തിൽ നിന്നും 20 വാർഡുകളിലേക്കായി 20,000/-വീതം വാർഡുതല സമിതിക്കായി നൽകി. എന്നാൽ 6, 7 വാർഡുകൾക്കായി നൽകിയ തുക അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം- 22100353,354 തീയതി 28/06/21 , തുക-3,60,000/-രൂപ

വൗച്ചർ നം- 22100328,329 തീയതി 18/06/21 , തുക-40,000/-രൂപ

ആകെ- 4,00,000/-രൂപ

| വാർഡ് നം | അക്കൗണ്ട് നം | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2 | 40542101014657 | 20,000/- | 18,000/- | 2,000/- |
| 1 | 40542101014648 | 20000/- | 16000/- | 4,000/- |
| | ആകെ | | | 6000/- |

മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ തുക അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതും തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.8/01.03.2023) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 എക്സൈസ് ഓഫീസിന് വാടക നൽകൽ സംബന്ധിച്ച്

പ്രോജക്ട് നം. 266/22

അടങ്കൽ- 200000 രൂപ ( തനത് ഫണ്ട് )
ചെലവ്- 150500 രൂപ (64500- ചെക്ക് നം. 4578767/ 29.01.2022 + 86000- ചെക്ക് നം. 1957328/ 22.03.2022 )
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പാമ്പാടി ഗ്രാമ പഞ്ചായാത്ത് ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് വക സ്ഥലവും കെട്ടിടവും ജി.ഒ.(എം.എസ്) 358/92/ആർഡി/ 29.08.1992 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിന് കൈമാറി ലഭിച്ചിരുന്നു. എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം പഞ്ചായത്ത് നിർമ്മിച്ച് നൽകണമെന്നും അതുവരെ വാടക കെട്ടിടം കണ്ടെത്തി വാടക പഞ്ചായത്ത് അനുവദിക്കണമെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 3.11.2020 ലെ 8-ാം നമ്പർ തീരുമാനപ്രകാരം എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുന്നതിനായി ശ്രീ അനിൽ കെ കുര്യൻ കിഴക്കേമറ്റത്തിൽ എന്നയാളുടെ 6/265 B നമ്പർ കെട്ടിടം 21500 രൂപ പ്രതിമാസ വാടകയ്ക്ക് എടുത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. 31.07.2021 വരെയുള്ള വാടക മുൻപ് അനുവദിച്ചിരുന്നു. പ്രോജക്ട് പ്രകാരം വാടക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കാലയളവ് | ചെക്ക് നം./തീയതി | വാടക തുക |
|---|---|---|
| 8/21, 9/21, 10/21 | 4578767/ 29.01.2022 | 64500 |
| 11/21, 12/21, 1/22, 2/22 | 1957328/ 22.03.2022 | 86000 |
| ആകെ | | 150500 |

ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് വക സ്ഥലവും കെട്ടിടവും 1992 ൽ ഏറ്റെടുത്തിട്ടും നാളിതുവരെ എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം പഞ്ചായത്ത് നിർമ്മിച്ച് നൽകണമെന്ന വ്യവസ്ഥ പാലിക്കാൻ സാധിച്ചിട്ടില്ല. ടി വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 23/3.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ച് നൽകി, വാടക നൽകുന്നതിനുള്ള പഞ്ചായത്തിന്റെ ബാദ്ധ്യത ഒഴിവാക്കേണ്ടതുമാണ്.

1-30 ഭവനവായ്പ പലിശ തിരിച്ചടവ്- പൂർണ്ണമായും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം. 4/22
അടങ്കൽ- 1000000 രൂപ ( തനത് ഫണ്ട് )
ചെലവ്- 91993 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ്, സുലേഖ ചെലവ് പത്രിക പ്രകാരം 91993 രൂപയാണ്. എന്നാൽ ഭവനവായ്പ പലിശ തിരിച്ചടവിനായി 160745 രൂപ കോട്ടയം ജില്ലാ സഹകരണ ബാങ്ക് പാമ്പാടി ബ്രാഞ്ചിന് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | നൽകിയ തുക | ചെക്ക്നം/തീയതി | കാലയളവ് |
|---|---|---|---|
| 1 | 34577 | 863187/ 21.05.21 | 3/21 |
| 2 | 38663 | 863187/ 21.05.21 | 4/21 |
| 3 | 39952 | 041164/ 14.06.21 | 5/21 |
| 4 | 28800 | 041235/ 23.09.21 | 6/21 |
| 5 | 18753 | 041247/12.10.21 | 7/21, 8/21 |
| ആകെ | 160745 | | |

68752 ( 160745- 91993 ) രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/3.3.23-ാം നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കില്ല. അപാകത പരിഹരിച്ച് വിവരം അറിക്കേണ്ടതാണ്.

1-31 കുറിച്ചിമല പാണ്ടൂർ പായിപ്ര കുടിവെള്ള പദ്ധതി പൂർത്തീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തില്ല.

പ്രോജക്ട് നം. 264/22

അടങ്കൽ- 468800 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 468800 രൂപ (വൗച്ചർ നം. XVFC/ 21-22/ P/36/ 22.3.22 )
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കുറിച്ചിമല പാണ്ടൂർ പായിപ്ര കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി 468800 രൂപ ഭൂജല വകുപ്പ് കോട്ടയം ജില്ലാ ഓഫീസിന് നൽകിയിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് 500000 രൂപയുടേതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുക 31200 രൂപ നൽകുന്നതിന് സ്പിൽ ഓവറായി പ്രോജക്ട് ഏറ്റെടുക്കണമെന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ നൽകിയതായി കാണുന്നില്ല. ബാക്കി തുക നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രോജക്ടിന്റെ പൂർത്തീകരണ വിവരവും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/ 3.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബാക്കി തുക നൽകുന്നതിന് 2022-23 ൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിച്ചു. പ്രോജക്ട് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

പാമ്പാടി ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ നം/വൗച്ചർ നം/തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 264/2022, കുറിച്ചിമല പാണ്ടൂർ പായിപ്ര കുടിവെള്ള പദ്ധതി പൂർത്തീകരണം | 468800, ധനകാര്യകമ്മീഷൻ ഗ്രാന്റ് | വൗച്ചർ നം XVFC/21-22 /P/36/ 22.3.2022 | ഭൂജലവകുപ്പ്, കോട്ടയം |
| 300/22 ടൗൺ കുടിവെള്ള പദ്ധതി വാർഡ് 6 | 80000, ധനകാര്യകമ്മീഷൻ ഗ്രാന്റ് | ബിൽ നം/21-22/ 15.3.2022 | ഭൂജലവകുപ്പ്, കോട്ടയം |
| 161/22 വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 500000, (482000- ധനകാര്യകമ്മീഷൻ ഗ്രാന്റ് + 18000- തനത് ഫണ്ട് ) | 108000- വൗച്ചർ നം XVFC/21-22 /P/30/ 18.2.2022 92000- വൗച്ചർ നം XVFC/21-22 /P/32/ | ഭൂജലവകുപ്പ്, കോട്ടയം |

| | | | |
|---|---|---|---|
| | | 10.3.2022 282000- വൗച്ചർ നം XVFC/21-22 /P/35/ 21.3.2022 18000- ചെക്ക് നം. 1957343/ 31.3.2022 | |
| 292/22 മയ്യാരപ്പള്ളി കുടിവെള്ള പദ്ധതി- കറന്റ് കണക്ഷൻ- കെ.എസ്.ഇ.ബി.ക്ക് തുക ഡെപ്പോസിറ്റ് | 66888, തനത് ഫണ്ട് | ചെക്ക് നം. 1957309/ 17.2.2022 | കെ.എസ്.ഇ.ബി. പാമ്പാടി സെക്ഷൻ |
| 177/22 ആലാംപള്ളി സബ്സെന്ററിനെ ഹെൽത്ത് & വെൽനെസ് സെന്ററാക്കുക | 1117500, തനത് ഫണ്ട് | ചെക്ക് നം. 1957308/ 16.2.2022 | ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി |
| 159/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 500000, ധനകാര്യകമ്മീഷൻ ഗ്രാന്റ് | 348218- വൗച്ചർ നം XVFC/21-22 /P/33/ 17.3.2022 151782- വൗച്ചർ നം XVFC/21-22 /P/34/ 19.3.2022 | എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ പൊൻകുന്നം |
| 12/22 ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയേറ്റ് മന്ദിരത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 200000, തനത് ഫണ്ട് | ചെക്ക് നം. 202660/ 22.10.2021 | ജില്ലാ പ്ലാനിംഗ് ഓഫീസ്, കോട്ടയം |
| ആകെ | 2933188 | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ

വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10/1.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗവിവരം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കുന്നത് വരെ 2933188 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം - വിതരണ വിവരങ്ങൾ ലഭ്യമല്ല.

വി.ഇ.ഒ, പാമ്പാടി സൗത്ത് നിർവ്വഹണം നടത്തിയ ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം എന്ന പ്രോജക്ടിന്റെ (SO172/22) സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 36449<br>36449 | 25/21-22/ 18.12.21<br>36/21-22/31.03.22 |
| | 72898 | |
| തനത് ഫണ്ട് | 22698 | 468/26.03.22 |
| ഗുണഭോക്തൃവിഹിതം | 99844 | 469/26.03.22 |
| ആകെ | 195440 | |

തൻവർഷം 1,95,440/- രൂപ ഐആർറ്റിസിയിൽ ഒടുക്കിയത് മുൻവർഷം ഒടുക്കിയ തുകയുടെ ബാലൻസ് ആയാണ്. തൻവർഷം 120 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളും 224 കിച്ചൺ ബിൻ യൂണിറ്റുകളും ലഭ്യമായിട്ടുണ്ട്. മുൻവർഷം 300 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റും 484 ഗുണഭോക്താക്കൾക്ക് കിച്ചൺ ബിന്നുകളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയുടെ വിവരങ്ങളോ ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളോ രജിസ്റ്ററിൽ ചേർത്തിട്ടില്ല. തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ആകെ 183 കിച്ചൺ ബിന്നുകളും, 138 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളും വിതരണം ചെയ്ത വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. കിച്ചൺ ബിൻ ഒരു യൂണിറ്റിന് 410/- രൂപയും, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റിന് 1000/- രൂപ നിരക്കിലുമാണ് വിതരണം ചെയ്തിട്ടുള്ളത്. മുൻവർഷത്തേതുൾപ്പെടെ 420 യൂണിറ്റ് ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റും, 708 കിച്ചൺ ബിൻ യൂണിറ്റുകളും വിതരണം ചെയ്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. മാത്രമല്ല, വിതരണം ചെയ്തതായി രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഇനങ്ങൾ ഏത് വർഷം ലഭിച്ചു എന്ന വിവരം ചേർത്തിട്ടില്ലാത്തതിനാൽ തൻവർഷം ലഭിച്ചവയാണോ എന്നും വ്യക്തതയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/21-22/03.03.2023ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് വിതരണവിവരങ്ങളുടെ അഭാവത്തിൽ 1,95,440/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ അധികമായി ധനസഹായം അനുവദിച്ചു

വി.ഇ.ഒ, പാമ്പാടി സർക്കിൾ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 168/22 വീട് വാസയോഗ്യമാക്കൽ ജനറൽ എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 1459000/ രൂപയും തനത് ഫണ്ടിൽ നിന്നും 1816278 രൂപയും ഉൾപ്പടെ ആകെ 3275278/ രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ജോസഫ് മാർക്കോസ്, മുളേക്കുന്ന് എന്ന ഗുണഭോക്താവിന്റെ ഫയലിൽ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരുന്നില്ല. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ബിജു. വി.പി, വാഴേപറമ്പിൽ എന്ന ഗുണഭോക്താവിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം ആകെ മൂല്യം 38763/ രൂപയാണ്. ടിയാൾക്ക് 50000/ രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയിൽ അധികരിച്ച് ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/21-22/03.03.23 ന് ലഭ്യമാക്കിയ മറുപടിയിൽ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പുതുക്കി

നൽകാമെന്ന് അന്നത്തെ ഓവർസീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്നാണ്. ടി ഓവർസീയർ സ്ഥലംമാറി പോയതിനാൽ പുതുക്കിയ സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിഞ്ഞില്ല എന്നും അറിയിച്ചിട്ടുണ്ട്. തുക അനുവദിക്കുമ്പോൾ ലഭ്യമായ മൂല്യനിർണ്ണയത്തിൽ അധികമായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 11237/ (50000-38763) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 പഠനമുറി നിർമ്മാണം സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു

വി.ഇ.ഒ, പാമ്പാടി സർക്കിൾ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 221/22 പഠനമുറി (പട്ടിക ജാതി) എന്ന പ്രോജക്ടിനായി വികസന ഫണ്ട് എസ്.സി.പിയിൽ നിന്നും 100000/ രൂപ ( ബിൽ നമ്പർ 3/29.01.21) ചെലവഴിച്ച് ശ്രീ. സുനിൽകുമാർ. വി. വി, വെള്ളാപ്പള്ളിൽ എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം സംബന്ധിച്ച മൂല്യനിർണ്ണയം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ഗുണഭോക്താവ് വിദ്യാർത്ഥിയാണ് എന്ന് തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20/21-22/03.03.23 ക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. സുനിൽകുമാർ. വി. വിയുടെ മകനുവേണ്ടിയാണ് പഠനമുറി അനുവദിച്ചത് എന്നും ടി വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകത അടിയന്തിരമായി പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെ പഠനമുറി അനുവദിച്ചത് ശരിയായ പ്രവണതയല്ല. അപാകത അടിയന്തരമായി പരിഹരിച്ച് അറിയിക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച 100000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -ഗ്രാമസഭയുടെ അംഗീകാരം നേടിയിട്ടില്ല

വി.ഇ.ഒ, പാമ്പാടി സർക്കിൾ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 48/22 പഠനമുറി (പട്ടിക ജാതി) എന്ന പ്രോജക്ടിനായി വികസന ഫണ്ട് എസ്.സി.പിയിൽ നിന്നും 438690/ രൂപയും തനത് ഫണ്ടിൽ നിന്നും 11310 രൂപയും ഉൾപ്പടെ ആകെ 450000 രൂപ ചെലവഴിച്ച് മൂന്ന് ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മിച്ച് നൽകിയ കുമാരി അനഘ അഭിലാഷ്, വെട്ടുവേലിൽ (ബിൽ നമ്പർ 28/4.3.22=75000 + ബിൽ നമ്പർ 36/26.3.22=75000 = 150000/) എന്ന ഗുണഭോക്താവ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. 29.01.2022 ലെ 2(4) നമ്പർ തീരുമാനപ്രകാരം കുമാരി അനഘ അഭിലാഷിനെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. കുമാരി അനഘ അഭിലാഷിനെ ഗുണഭോക്താവായി തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മറ്റി തീരുമാനം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-22 /03.03.23 ന് മറുപടി ലഭ്യമാക്കിയില്ല. കുമാരി അനഘ അഭിലാഷിനെ ഗുണഭോക്താവായി തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മറ്റി തീരുമാനം ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടി വിശദാംശങ്ങൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതുവരെ 150000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 സുഭിക്ഷകേരളം കറവപശു വളർത്തൽ പ്രോജക്ട് സംബന്ധിച്ച്

വെറ്ററിനറി സർജൻ പാമ്പാടി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 72/22 സുഭിക്ഷകേരളം കറവപശു വളർത്തൽ-വനിത എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 1080000/ രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ 1080000/ രൂപയും ഉൾപ്പടെ ആകെ 2160000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 1080000/- രൂപയിൽ 1020000/- രൂപയുടെ ചെലവ് മാത്രമേ ചെലവ് പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുള്ളൂ. 60000/രൂപ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ഗുണഭോക്താവ് 30000 രൂപ പഞ്ചായത്തിൽ അടയ്ക്കുമ്പോൾ 60000/രൂപ വിലയുള്ള പശുവിനെ പർച്ചേസ്

കമ്മറ്റി വാങ്ങി നൽകുന്നു എന്നും, ഗുണഭോക്താവ് സ്വന്തം ചെലവിൽ പശുവിനെ 3 വർഷത്തേക്ക് ഇൻഷ്വർ ചെയ്യേണ്ടതാണ് എന്നുമാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് പ്രകാരം പശുവിനെ വാങ്ങി നൽകിയ ശ്രീമതി ബിന്ദുജയൻ , കുന്നംപുറത്ത് എന്ന ഗുണഭോക്താവിന്റെ ഭർത്താവ് (2017 ൽ ലഭ്യമായ റേഷൻകാർഡ് പ്രകാരം) സർക്കാർ ജീവനക്കാരനാണ്. ടിയാളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2) പ്രോജക്ട് പ്രകാരം പശുവിനെ വാങ്ങി നൽകിയ ശ്രീമതി ജ്യോതിലക്ഷ്മി ആർ, കൈലാസ് വെള്ളൂർ എന്ന ഗുണഭോക്താവിന്റെ ഭർത്താവ് (2019 ൽ ലഭ്യമായ റേഷൻകാർഡ് പ്രകാരം) ബാങ്ക് ജീവനക്കാരനാണ്. ടിയാളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/21-22/04.03.23 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി ബിന്ദുജയന്റെ ഭർത്താവ് കെ.എസ്.ആർ.ടി.സി ജീവനക്കാരനാണ് എന്നും, ശ്രീമതി ജ്യോതിലക്ഷ്മിയുടെ ഭർത്താവ് പ്രൈവറ്റ് ബാങ്ക് ജീവനക്കാരനാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്തത് പ്രകാരം ഗുണഭോക്താക്കൾ മൂന്ന് വർഷവും പശുക്കളെ വളർത്തുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും പ്രോജക്ട് വിഭാവനം ചെയ്തതുപോലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മുൻഗണനാ മാനദണ്ഡങ്ങൾ പാലിച്ച് മാത്രം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുമാണ്.

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

വെറ്ററിനറി സർജൻ പാമ്പാടി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 70/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 500000/ രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ എസ്. എൽ. ബി. പി. ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 40 കിടാരികളെ രജിസ്റ്റർ ചെയ്തിരുന്നു. പ്രോജക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കൊച്ചുമോൻ റ്റി.ജി, തെക്കേൽ എന്ന ഗുണഭോക്താവിന്റെ കിടാരി 05.04.22 ൽ മരണപ്പെട്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ രണ്ട് മാസം മാത്രമാണ് പ്രോജക്ട് പ്രകാരം കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. മരണപ്പെട്ട കിടാരിയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കി പുതിയ കിടാരിയെ വാങ്ങി പ്രോജക്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് ഗുണഭോക്താവായ ശ്രീമതി ഗിരിജ രാജു, കൊടച്ചംകോട് എന്ന ഗുണഭോക്താവ് 28.11.22 വരെ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/21-22/04.03.23 ന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട കിടാരിയുടെ ഇൻഷ്വറൻസ് തുക ലഭ്യമായിട്ടുണ്ട് എന്നും മരണപ്പെട്ട ഉരുവിന് പകരമായി കിടാരിയെ ചേർക്കാറില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ശ്രീ. കൊച്ചുമോൻ റ്റി.ജി, ശ്രീമതി ഗിരിജ രാജു, എന്നിവരുടെ കിടാരികൾക്കായി ഒടുക്കിയ തുകയിൽ കൈപ്പറ്റിയ സബ്സിഡി തുക കിഴിച്ച് ബാക്കി തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകുന്നതുവരെ 500000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ലൈഫ് ഭവന പദ്ധതി അവലോകനം

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ഫണ്ടിനം |
|---|---|---|
| 17/ 22 ലൈഫ് ഭവന പദ്ധതി (പട്ടികജാതി ) | 1200000/ രൂപ<br>360000/രൂപ<br>820000/രൂപ<br>320000/രൂപ | വികസനഫണ്ട്<br>എസ്.സി.പി<br>ബ്ലോക്ക് വിഹിതം<br>ജില്ലാപഞ്ചായത്ത് |

| | | |
|---|---|---|
| | ആകെ-<br>2700000/ രൂപ | വിഹിതം<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 06/22 ലൈഫ് ഭവന പദ്ധതി (ജനറൽ) | 4006000/ രൂപ<br>2508000/ രൂപ<br>2096000/രൂപ<br>4800000/രൂപ<br>86000/രൂപ<br>ആകെ-<br>13496000/രൂപ | വികസനഫണ്ട്<br>ജില്ലാപഞ്ചായത്ത് വിഹിതം<br>ബ്ലോക്ക് വിഹിതം<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>തനത്ഫണ്ട് |
| 54/22 ഭവന നിർമ്മാണം-ആശ്രയ (ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ | 50000/ രൂപ<br>350000/ രൂപ<br>ആകെ 400000/ രൂപ | വികസനഫണ്ട്<br>തനത്ഫണ്ട് |
| ആകെ ചെലവ് | 16,596,000/ രൂപ | |

<u>ലൈഫ് ഭവന പദ്ധതി- ഫേസ് 11</u>

13 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ജനറൽ വിഭാഗം- 8, എസ്.സി. വിഭാഗം- 5. 13 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് ഭവന പദ്ധതി- ഫേസ് 111</u>

87 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ജനറൽ വിഭാഗം - 80, എസ്.സി. വിഭാഗം-7 എസ്.സി. വിഭാഗത്തിൽ നിന്നുള്ള 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. ജനറൽ വിഭാഗത്തിൽ 40 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 40 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ 14 ഗുണഭോക്താക്കൾ റൂഫ് ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. 1 ഗുണഭോക്താവ് ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. 11 ഗുണഭോക്താക്കൾ തറനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ചമച്ച് 14 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

<u>എസ്.സി. അഡീഷണൽ ലിസ്റ്റ് -ഭവന രഹിതർ</u>

6 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നതിൽ 6 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>എസ്.സി. അഡീഷണൽ ലിസ്റ്റ് - ഭൂരഹിത ഭവന രഹിതർ</u>

ആകെ 10 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത് ഇതിൽ 2 ഗുണഭോക്താക്കൾ മേൽക്കൂര വരെ നിർമ്മിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾ ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾ തറനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>2021-22 സാമ്പത്തിക വർഷം വരെ ഭൂമി വാങ്ങി നൽകിയത്</u>

2020-21 സാമ്പത്തിക വർഷം ഒരു ആശ്രയ ഗുണഭോക്താവ് ഉൾപ്പടെ ജനറൽ വിഭാഗത്തിലുള്ള 35 ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്കും, ഒരു പട്ടികജാതി ഗുണഭോക്താവിനും ഉൾപ്പടെ ആകെ 36

ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം ജനറൽ വിഭാഗത്തിലുള്ള 3 ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്കും ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

<u>നിർമ്മാണം മുടങ്ങിക്കിടക്കുന്നത്</u>

ലൈഫ് ഭവന പദ്ധതി- ഫേസ് 111- യിൽ ഭവനനിർമ്മാണത്തിന് കരാർ വച്ച 5 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റുകയും തറ നിർമ്മിച്ചതിന് ശേഷം നിലവിൽ നിർമ്മാണം നിലച്ചുപോകുകയും ചെയ്തിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) റോയിചെറിയാൻ കല്ലുങ്കൽപറമ്പ് ( ജനറൽ വിഭാഗം)

2) ഏലിയാമ്മ ജോസഫ്, പുതുക്കേക്കര ( ജനറൽ വിഭാഗം)

3) ബിന്ദു ജിനു, നെടുംപുഞ്ചയിൽ ( ജനറൽ വിഭാഗം)

4) കുഞ്ഞമ്മതോമസ്,പുരത്തറയിൽ ( ജനറൽ വിഭാഗം)

5) ശാരദാമ്മ പുറമറ്റമചിറ ( പട്ടികജാതി വിഭാഗം)

നിർമ്മാണം നിലച്ചുപോയ 5 ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

<u>ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ</u>

* ഭവനനിർമ്മാണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

* ഗുണഭോക്താവ് ആദ്യഗഡു വാങ്ങുന്നതിനൊഴികെ പൂർത്തീകരിച്ച നിർമ്മാണഘട്ടം വിശദമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ഗഡു നൽകാൻ രേഖാമൂലം ആവശ്യപ്പെടുന്നില്ല.

* ഗുണഭോക്താവ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം സംബന്ധിച്ച ഫോട്ടോ എടുത്ത് നൽകുന്നില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ ഫോട്ടോയും മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

* ഒരു ഫയലിലും മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 25.02.2023 | 28.02.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് , യാത്രാബത്ത (പ്രൊജക്റ്റ് നം. 23/22) | 300000 | 0 |
| | 250000 | അംഗനവാടി പോഷകാഹാരം (പ്രൊജക്റ്റ് നം. 07/22) | 250000 | 0 |
| | 512378 | മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊജക്റ്റ് നം. 268/22) | 512378 | 0 |
| | 360000 | ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി (പ്രൊജക്റ്റ് നം. 17/22) | 360000 | 0 |
| | 2096000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (പ്രൊജക്റ്റ് നം. 6/22) | 2096000 | 0 |
| ആകെ | 3518378 | | 3518378 | |
| ജില്ലാപഞ്ചായത്ത് | 400000 | ശാരീരിക മാനസിക | 400000 | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ,യാത്രാബത്ത (പ്രൊജക്ട് നം. 23/22) | | |
| | 200000 | അംഗനവാടി പോഷകാഹാരം (പ്രൊജക്ട് നം. 07/22) | 200000 | 0 |
| | 820000 | ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി (പ്രൊജക്ട് നം. 17/22) | 820000 | |
| | 2508000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (പ്രൊജക്ട് നം. 6/22) | 2508000 | |
| | 300000 | ഒർവയൽ അംഗൻവാടി പൂർത്തീകരണം (പ്രൊജക്ട് നം. 182/22) | 300000 | |
| ആകെ | 4228000 | | 4228000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെപേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | മയ്യാരപ്പള്ളി കുടിവെള്ള പദ്ധതി (292/22) | 1957309/17.02.22 | 66888 | 0 | 66888 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (159/22) | 22101734/17.03.22, 22101735/19.03.22 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, കോട്ടയം | കുറിച്ചിമല പായിപ്ര കുടിവെള്ള പദ്ധതി പൂർത്തീകരണം (128/22) | XVFC/21-22 /P/36/22.03.22 | 468800 | 0 | 468800 |
| | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം (161/22) | 22101314/18.2.22, | 500000 (482000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് , 18000- തനത് ഫണ്ട് ) | 0 | 500000 |
| | ടൗൺ കുടിവെള്ള പദ്ധതി-വാർഡ് 6(300/22) | | 80000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 80000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം (ജനറൽ) 20000000/- രൂപ | സ.ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | 1,99,20,000 | 39,20,000 | 0 | 39,20,000 | 160745 | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം. 24827/04.02.15) | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം. 24344/04.02.15) | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2151666 | 2248551 | 4400217 |
| തൻവർഷം നിക്ഷേപിച്ച തുക | - | - | - |
| പലിശ | 155996 | 151777 | 307773 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2307662 | 2400328 | 4707990 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4-1 | 2016-17 | നം.1, അനുബന്ധം-3 | വസ്തു നികുതി പരിഷ്ക്കരണത്തിന് ആധികാരിക സ്ഥിരീകരണമില്ല | സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4-2 | 2016-17 | നം.2, അനുബന്ധം-4 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-4-1, 2-4-2, 2-4-3, 2-4-4 | 2016-17 | നം.2, അനുബന്ധം-5 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 158112824 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101094449 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3889865 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 2933188 | സുജ മാത്യു, സെക്രട്ടറി |
| 1-33 | 195440 | അരുൺ പി സുരേന്ദ്രൻ, വി ഇ ഒ, പാമ്പാടി സൗത്ത് |
| 1-34 | 11237 | അനിൽ കുമാർ കെ എസ്, വി ഇ ഒ, പാമ്പാടി |
| 1-35 | 100000 | അനിൽ കുമാർ കെ എസ്, വി ഇ ഒ, പാമ്പാടി |
| 1-36 | 150000 | അനിൽ കുമാർ കെ എസ്, വി ഇ ഒ, പാമ്പാടി |
| 1-38 | 500000 | ഡോ.കുക്ക അച്ചാമ്മ, വെറ്ററിനറി സർജൻ |
| ആകെ | 3889865 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി.4/388/2000 /3.08.00 | - - |
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- |
| 2002-03 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/103(2)/ 3.8.22 | 1 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/103(3)/ 3.8.22 | 1 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം.പി.13 അദാ2022/103(4)/2022/ 3.8.22 | 3 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം.പി.13 അദാ2022/1099/2022/ 3.8.22 | 3 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം.പി.13 അദാ2022/22/ 3.8.22 | 1 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1235/22/ 3.8.22 | 2 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1100/22/ 3.8.22 | 5 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1102/22/ 3.8.22 | 4 |
| 2012-13 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1233/22/ 3.8.22 | 4 |
| 2013-14,14-15 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1104/22/ 3.8.22 | 4 |
| 2015-16 | കെ.എസ്.എ.കെ.റ്റി.എം.പി.13/ അദാ2022/1103/22/ 8.8.22 | 14 |
| 2016-17 | കെ.എസ്എ.കെടിഎം.പി13/1234/ 22/24.6.22 | 11 |
| 2017-18 | കെ.എസ്എ.കെടിഎം.പി13/437/ 19/27.04.19 | 16 |
| 2018-19 | നം. കെ.എസ്.എ- കെ.ടി.എം.പി.13/1340/2022 | 21 |
| 2019-20 | നം. കെ.എസ്.എ- കെ.ടി.എം.പി.13/1190 /2021/03.01.22 | 17 |
| 2020-21 | നം. കെ.എസ്.എ- കെ.ടി.എം.പി.13/1191 /2021/03.01.22 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്